**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 444** **05-07-2024 - ൽ മറുപടിയ്ക്ക്**

**മൃഗസംരക്ഷണ, ക്ഷീരമേഖലകൾ കാര്യക്ഷമമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ. എ. രാജ,<br>ശ്രീ. കെ. ആൻസലൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മൃഗസംരക്ഷണ, ക്ഷീരമേഖലകളിലെ അസംഘടിതരായ കർഷകരുടെ വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് പ്രൊഡ്യൂസർ ഓർഗനൈസേഷൻ രൂപീകരിച്ചിട്ടുണ്ടോ; എന്തൊക്കെ കാര്യങ്ങളാണ് ഇതു വഴി ലക്ഷ്യമിടുന്നത്; വിശദാംശം നൽകാമോ; | (എ) | **മൃഗസംരക്ഷണ മേഖലയിൽ ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ വഴി കർഷകർക്ക് മികച്ച ട്രെയിനിംഗ്, മാർക്കറ്റ് ലിങ്കേജ്, സാമ്പത്തിക സാങ്കേതിക ഉപദേശം, നല്ലയിനം ഇൻപുട്ടുകൾ എന്നിവ ലഭ്യമാകുകയും, അതിലൂടെ കർഷകരുടെ മത്സരശേഷി വർദ്ധിപ്പിച്ച് കൂടുതൽ വരുമാന വർദ്ധനവ് ലക്ഷ്യമിടുന്നു. കൂടാതെ ക്ഷീര മേഖലയിലും, അനുബന്ധ മേഖലയിലും പ്രവർത്തിക്കുന്ന ക്ഷീരകർഷകരെ ഒരുമിച്ച് ചേർത്തു ചെറിയ ഗ്രൂപ്പുകളാക്കി "ക്ഷീരശ്രീ സംയുക്ത ബാധ്യതാ സംഘം" (ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ്) രൂപീകരിക്കുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിലൂടെ അംഗങ്ങളുടെ വരുമാനമാർഗ്ഗം വർദ്ധിപ്പിക്കുന്നതിനും സാമൂഹിക പ്രതിബന്ധത വളർത്തിയെടുക്കുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു. അത്തരത്തിലുള്ള ഗ്രൂപ്പുകൾ ക്ഷീരവികസന വകുപ്പിനു കീഴിൽ രജിസ്റ്റർ ചെയ്തു ക്ഷീരസംഘങ്ങളുടെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്നു.**<br><br>**കേരള കന്നുകാലി വികസന ബോർഡിന്റെ കീഴിൽ ക്ഷീരകർഷകരുടേയും, കാർഷിക മേഖലയിലെ കർഷകരുടേയും ഒരു കൂട്ടായ്മയായി ഫോഡർ പ്ലസ് എഫ്.പി.ഓകൾ രൂപീകരിച്ചിട്ടുണ്ട് ഇതിൽ അംഗങ്ങളായിട്ടുള്ള ചെറുകിട നാമമാത്ര കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുവാനും അതുവഴി അവരുടെ വരുമാനം വർദ്ധിപ്പിക്കുവാനും സാധിക്കുന്നതാണ്. കൂടാതെ ആ പ്രദേശത്തെ യുവാക്കൾക്ക് മൃഗസംരക്ഷണ, തീറ്റപ്പുൽ ഉൽപ്പാദന മേഖലകളിൽ സംരംഭകർ ആകുന്നതിനുള്ള അവസരം ലഭിക്കുന്നതാണ്. തീറ്റപ്പുൽ ഉൽപ്പാദന വർദ്ധനവിന് വേണ്ടിയും, കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി** |

| | | | |
|---|---|---|---|
| | | | **ഫോഡർ പ്ലസ് എഫ്.പി.ഓകൾ രൂപീകരിക്കുന്നതിനായി കെ.എൽ.ഡി.ബോർഡിനെ ഒരു സി.ബി.ബി.ഓ (ക്ലസ്റ്റർ ബെയിസ്ഡ് ബിസിനസ്സ് ഓർഗ്ഗനൈസേഷൻ) ആയി നാഷണൽ ഡയറി ഡെവലപ്പ്മെന്റ് ബോർഡ് തിരഞ്ഞെടുക്കുകയും നാല് ഫോഡർ പ്ലസ് എഫ്.പി.ഓകൾ രൂപീകരിക്കുന്നതിന് അനുമതി നൽകുകയും ഇതിനകം നാലെണ്ണം രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.** |
| (ബി) | പ്രസ്തുത മേഖലകളിലെ കർഷകരുടെ ഉല്പന്നങ്ങളുടെ സംഭരണം, മൂല്യവർദ്ധനവ് എന്നിവ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്; വിശദമാക്കാമോ; | (ബി) | **പശുവളർത്തൽ, പാലും പാലുൽപ്പന്നങ്ങളുടേയും ഉൽപ്പാദനവും വിപണനവും, വാണിജ്യാടിസ്ഥാനത്തിലുള്ള പുൽകൃഷിയും വിപണനവും, ഉല്പാദനോപാധികളുടെ വിപണനം, മൃഗസംരക്ഷണ മേഖലയിലെ ഇതര പ്രവർത്തനങ്ങൾ, സംയോജിത കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾ എന്നിവയാണ് ഗ്രൂപ്പുകൾക്ക് ഏറ്റെടുത്ത് നടപ്പിലാക്കാവുന്നത്. ഉൽപ്പന്നങ്ങളുടെ സംഭരണം, മൂല്യവർദ്ധനവ് എന്നിവ കാര്യക്ഷമമാക്കുന്നതിനുള്ള എല്ലാ പ്രവർത്തനങ്ങളും ഫോഡർ പ്ലസ് എഫ്.പി.ഓകൾ തന്നെ നടത്തേണ്ടതാണ്.**<br><br>**കേരള വെറ്ററിനറി സർവ്വകലാശാല മൃഗസംരക്ഷണ ക്ഷീരമേഖലകളിലെ കർഷകരുടെ ഉത്പന്നങ്ങളുടെ സംഭരണം മൂല്യവർദ്ധനവ് എന്നിവ കാര്യക്ഷമമാക്കുന്നതിന് കർഷകർക്ക് വേണ്ട സാങ്കേതിക പരിശീലനങ്ങൾ നൽകിവരുന്നുണ്ട്. കൂടാതെ സർവ്വകലാശാലയുടെ വിവിധ സെന്ററുകൾ വഴി വിവിധ പ്ലാൻ, പ്ലാനിതര പദ്ധതികളിലൂടെ കർഷകർക്കാവശ്യമായ എല്ലാ സഹായങ്ങളും നൽകുന്നു. കർഷകർക്ക് വരുമാനം വർധിപ്പിക്കുന്നതിനുള്ള ഗവേഷണങ്ങൾ, കാലാവസ്ഥ വ്യതിയാനം മൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിനുള്ള പ്രത്യേക ഗവേഷണങ്ങൾ, അതോടൊപ്പം കോഴി, താറാവ് എന്നിവയിലെ പുതിയ ഇനങ്ങളെ ഉരുത്തിരിച്ചെടുക്കൽ, പശുവിന്റെ പാൽ ഉത്പാദന വർധനവിനുള്ള പ്രവർത്തനങ്ങൾ, പാൽ, മാംസം, മുട്ട എന്നിവ ഉപയോഗിച്ചു കൊണ്ടുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള ഗവേഷണം അതിനോടനുബന്ധിച്ചിട്ടുള്ള പരിശീലനം മുതലായവ നൽകിവരുന്നു. മാത്രമല്ല കർഷകർ ആവശ്യപ്പെടുന്നമുറക്ക് ആവശ്യമായ സാങ്കേതിക പിന്തുണയും സർവ്വകലാശാല നൽകി വരുന്നുണ്ട്. കൂടാതെ ഓമനപക്ഷി വളർത്തൽ, വ്യാവസായിക അടിസ്ഥാനത്തിൽ നായ്ക്കളുടെ ബ്രീഡിംഗ്, പരിശീലനം, ഫാം ടൂറിസം, എന്നീ വിഷയങ്ങളിൽ ആവശ്യക്കാർക്ക് പരിശീലനം നൽകാനുള്ള** |

| | | | |
|---|---|---|---|
| | | | സാങ്കേതിക വിദ്യയും വിദഗ്ധരും സർവകലാശാലയിൽ ലഭ്യമാണ്. കർഷകർക്കും സംരംഭകർക്കും മൃഗ സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടവർക്കും സമാന രീതിയിലുള്ള വിവിധ പരിശീലന പദ്ധതികൾ സർവകലാശാല നടപ്പിലാക്കി വരുന്നുണ്ട്. സർവ്വകലാശാല ഫാമുകളിൽ നിന്ന് ബുക്കിംഗ് വരുന്ന മുറക്ക് പശു, ആട്, കോഴി, മുയൽ, പന്നി, താറാവ് എന്നിവ തുക നിശ്ചയിച്ച് യോഗ്യത പ്രകാരം കർഷകർക്ക് വിതരണം ചെയ്യാറുണ്ട്. കൂടാതെ സർവ്വകലാശാലയുടെ ഫീഡ് മില്ലുകളിൽ നിന്ന് കർഷകർക്ക് കോഴിതീറ്റ, കാലിതീറ്റ, ധാതുലവണമിശ്രിതം എന്നിവ വാങ്ങുന്നതിനുള്ള സൗകര്യമുണ്ട്. കർഷകമിത്ര മരുന്നുഷോപ്പുകളിൽ നിന്ന് കുറഞ്ഞ നിരക്കിൽ മരുന്നുകൾ വിതരണം ചെയ്യുന്നുണ്ട്. സർവ്വകലാശാലയുടെ വിവിധ മൃഗാശുപത്രികളുടെ സേവനവും കർഷകർക്ക് ജീവനോപാധികളുടെ ആരോഗ്യ സംരക്ഷണത്തിന് വേണ്ടി സജ്ജമാക്കിയിട്ടുണ്ട്. മൃഗഉത്പന്ന നിർമാണത്തിലും മൂല്യ വർദ്ധനവിലും ശ്രദ്ധ കേന്ദ്രീകരിച്ച് ഭക്ഷ്യ സുരക്ഷക്കും, പോഷക സുരക്ഷക്കും, ശുചിയായ ഭക്ഷ്യ ഉത്പാദനത്തിനും വേണ്ട ഗവേഷണ, വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ സർവ്വകലാശാല ഏകോപിപ്പിക്കുന്നു. കൂടാതെ വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർ, സംരംഭകർ എന്നിവർക്കായി മൃഗസംരക്ഷണ അനുബന്ധ മേഖലയിൽ ശാസ്ത്രീയ കൃഷി രീതികൾ അവലംബിക്കുന്നതിനായി ശാസ്ത്രീയ മൃഗസംരക്ഷണ നിബന്ധനകളുടെ സമാഹാരമായ ഏറ്റവും മികച്ച വിവിധ പ്രസിദ്ധീകരണങ്ങൾ സർവ്വകലാശാല സമയാസമയങ്ങളിൽ പുറത്തിറക്കുന്നുണ്ട്. |
| (സി) | ഇതിലൂടെ മൃഗസംരക്ഷണ, ക്ഷീരമേഖലകളിൽ എന്തൊക്കെ മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം നൽകാമോ? | (സി) | ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ കാര്യക്ഷമമാക്കുന്നതിലൂടെ കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് മികച്ച വിപണി സാധ്യത കണ്ടെത്തുന്നതിനും അത് വഴി വരുമാന വർധനവും, ഉപഭോക്താക്കൾക്ക് ഗുണമേൻമയേറിയ ഉൽപന്നങ്ങൾ ലഭ്യമാക്കുക എന്നിവയും ലക്ഷ്യമിടുന്നു. ഫോഡർ പ്ലസ് എഫ്.പി.ഓ രൂപീകരണത്തിലൂടെ പ്രദേശത്തെ പച്ചപ്പുല്ലിന്റെ ദീർഘകാല ലഭ്യത കുറവ് പരിഹരിക്കപ്പെടുന്നതാണ്.<br><br>കേരളത്തിലെ മൃഗസംരക്ഷണ അനുബന്ധ മേഖലയിൽ ഭക്ഷ്യ ഉത്പാദനത്തിനും പോഷക സുരക്ഷക്കും സ്വയം തൊഴിൽ കണ്ടെത്തുന്നതിനും വ്യാവസായിക അടിസ്ഥാനത്തിൽ പുനരുത്പാദനം, അനന്തരോത്പാദനം എന്നിവക്കും കർഷകർക്കും |

| | | | |
|---|---|---|---|
| | | | സംരംഭകർക്കും അനന്ത സാധ്യതകളാണ് ഉള്ളത്.<br>അത്തരം സാധ്യതകളിൽ പുതിയ മേഖലകൾ കണ്ടെത്തി എന്റർപ്രണർഷിപ്പ് സെന്ററുകളിലൂടെ ആധുനിക സാങ്കേതിക വിദ്യയിലൂന്നി സംരംഭകർക്കും കർഷകർക്കും സഹായമേകുന്നതു വഴി മൃഗ സംരക്ഷണ ക്ഷീര മേഖലകളിലെ സമഗ്രവികസനം സാധ്യമാകും. അതോടൊപ്പം തൊഴിലില്ലാത്തവർ, തൊഴിലന്വേഷകർ എന്ന നിലയിൽ നിന്ന് മാറി തൊഴിൽ ദാതാക്കൾ ആകാനുള്ള അവസരം ലഭിക്കുന്നു. കൂടാതെ ഒരുപാട് തൊഴിലവസരങ്ങൾ ഈ മേഖലയിൽ സൃഷ്ടിക്കാനും സാധിക്കും.<br>കേരളത്തിൽ പാൽ, മുട്ട, മാംസാധിഷ്ഠിത മൂല്യ വർധിത ഉത്പന്നങ്ങൾക്കുള്ള വിപണി സാധ്യത കൂടി മനസിലാക്കി പുതിയ ആശയങ്ങൾ കൊണ്ടുവന്ന് ഭക്ഷ്യ മേഖലയിലും പോഷക സുരക്ഷ മേഖലയിലും പുതിയ സംരംഭങ്ങൾ സൃഷ്ടിക്കാനും അതുവഴി ''ഭക്ഷ്യ സുരക്ഷ'' ''പോഷക സുരക്ഷ'' എന്ന ലക്ഷ്യം കൈവരിക്കാനും ഇത്തരം സ്ഥാപനങ്ങൾക്ക് സാധിക്കും. |

സെക്ഷൻ ഓഫീസർ